# പൊതു വിദ്യാഭ്യാസ വകുപ്പ് - ഡയറ്റ് എറണാകുളം
## വൈഭവം 2021
## എസ്.എസ്.എൽ.സി പരീക്ഷ അക്കാദമിക പിന്തുണ
## അടിസ്ഥാനപാഠാവലി

T6

സമയം : 45 മിനിറ്റ്

സ്കോർ : 20

---

പൊതുനിർദ്ദേശങ്ങൾ

- താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 20 സ്കോർ ആയിരിക്കും.
- ഉത്തരമെഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം.

---

1. മാതൃകയിൽ തന്നിരിക്കുന്നതുപോലെ വിഗ്രഹിച്ചെഴുതുക.
കന്നിനെല്ല് - കന്നിയിലെ നെല്ല്
കാൽമുട്ട് - ................................ (സ്കോർ 1)

2. താഴെ കൊടുത്തിരിക്കുന്നവയിൽ മരണത്തെ സൂചിപ്പിക്കുന്ന പ്രയോഗം ഏത് ?
(കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റം, ജര ബാധിച്ച സമയം, മൂപ്പരു പോയി, മനസ്സിന്റെ ക്ലാവ് പിടിച്ച കണ്ണാടി) (സ്കോർ 1)

3. "എന്റെ മോനേ! എങ്ങനെ കൊഴുത്തു ചക്കുങ്കുറ്റി പോലിരുന്ന ക്ടാത്തിയാ. ഇപ്പം എല്ലെല്ലാം തെളിഞ്ഞു."
ഈ വാക്കുകളിൽ തെളിയുന്നതെന്ത്? രണ്ടു സൂചനകൾ എഴുതുക. (സ്കോർ 2)

4. "ഇപ്പോഴം എടേക്കൂടെ പോണ ചിലർ വിവരമറിയാതെ ചോദിക്കും, മൂപ്പരെങ്ങോട്ടു പോയി? ഞാൻ പറയും പോയീന്ന്... പോയില്ലാന്ന് എനിക്കല്ലേ അറിയൂ"
പോയി, പോയില്ല - ഈ പദങ്ങൾ നൽകുന്ന അർത്ഥസൂചനകൾ കണ്ടെത്തി എഴുതുക. (സ്കോർ 2)

5. യോഗിയും അദ്വൈതിയും ആയിരുന്ന ശ്രീനാരായണ ഗുരു ഇതര സന്യാസിമാരിൽ നിന്നും വ്യത്യസ്തനാകുന്നതെങ്ങനെയെന്നാണ് ലേഖകൻ പറഞ്ഞിരിക്കുന്നത് ? (സ്കോർ 2)

6.ചുവടെ തന്നിരിക്കുന്ന വാക്യത്തെ അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കി മാറ്റി എഴുതുക.
"അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗനത്തിലേക്ക് ഇറങ്ങിപ്പോകുന്നു." (സ്കോർ 2)

7. "അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു" ഇന്നത്തെ തലമുറയ്ക്ക് ഈ അപരാധബോധം ഇല്ലാതാകുന്നുണ്ടോ ? സമകാലിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കുക. (സ്കോർ 4)

8."ഞാനെങ്ങന്യാ മോനേ വരാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു.വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ..." അമ്മയുടെ ഈ വാക്കുകളിൽ തെളിയുന്ന ബന്ധത്തിന്റെ ആഴം കണ്ടെത്തി കുറിപ്പ് എഴുതുക. (സ്കോർ 4)

9. വ്യക്തിബന്ധങ്ങളുടെ ഇഴയടുപ്പവും കുടുംബബന്ധങ്ങളുടെ പവിത്രതയുമാണ് സാമൂഹികബന്ധങ്ങളെ ദൃഢമാക്കുന്നത്. 'പ്ലാവിലക്കഞ്ഞി', 'ഓരോ വിളിയും കാത്ത്', എന്നീ പാഠങ്ങളുടെ ആശയത്തെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക. (സ്കോർ 6)

10. സ്നേഹസൗഹൃദങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന വിധം അദൃശ്യമായ മതിലുകൾ ഇന്നത്തെ കാലഘട്ടത്തിൽ നിലനിൽക്കുന്നുണ്ടോ ? കോഴിയും കിഴവിയും എന്ന പാഠത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക. (സ്കോർ 6)